പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1191 | 12.07.2016-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സിയിലെ ജീവനക്കാരുടെയും ബസ്സുകളുടെയും എണ്ണം**

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ
" ആർ. രാമചന്ദ്രൻ
ശ്രീമതി. ഗീതാ ഗോപി
ശ്രീ. വി.ആർ. സുനിൽ കുമാർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും, ഓരോ വിഭാഗത്തിലുമുള്ള തൊഴിലാളികളുടെ എണ്ണം എത്രയെന്നും, ദിവസ വേതനാടിസ്ഥാനത്തിലും, എം പാനലുകളിലുമായി എത്ര തൊഴിലാളികൾ വീതം ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മെയ് 2016-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 36,060 സ്ഥിരം ജീവനക്കാരും 8,682 താൽക്കാലിക ജീവനക്കാരും ഉൾപ്പെടെ 44,742 ജീവനക്കാരുണ്ട്.<br>സ്ഥിരം ജീവനക്കാർ<br>ഓഫീസർമാർ : 217<br>മിനിസ്റ്റീരിയൽ സ്റ്റാഫ് : 2,166<br>സ്റ്റോർ സ്റ്റാഫ് : 228<br>സിവിൽ : 6<br>സ്റ്റേഷൻ മാസ്റ്റർ / ഇൻസ്പെക്ടർ : 1,073<br>കണ്ടക്ടർ : 12,394<br>വെഹിക്കിൾ സൂപ്പർ വൈസർ / ഹെഡ് വെഹിക്കിൾ സൂപ്പർ വൈസർ : 281<br>ഡ്രൈവർ : 14,002<br>മെക്കാനിക്ക് : 5,693<br>ആകെ : 36,060<br><br>ദിവസവേതനാടിസ്ഥാനത്തിൽ : 1,346<br>എംപാനൽ : 7,336<br>ആകെ : 8,682 |
| (ബി) | കെ.എസ്.ആർ.ടി. കോർപ്പറേഷന് ആകെ എത്ര ബസ്സുകളുണ്ടെന്നും ഇതിൽ ഗതാഗത യോഗ്യമായ എത്ര ബസ്സുകളുണ്ടെന്നും ഇവ | (ബി) | കെ.എസ്.ആർ.ടി.സി<br>ആകെ ബസ് : 5,796<br>ഗതാഗത യോഗ്യമായവ : 5,023<br>ഓപ്പറേറ്റ് ചെയ്യുന്നവ : 4,867 |

| | | | |
|---|---|---|---|
| | യിൽ എത്രയെണ്ണം ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വിശദമാക്കാമോ; | | കെ.യു.ആർ.ടി.സി.<br>ആകെ ബസ് : 603<br>ഗതാഗത യോഗ്യമായവ : 466<br>ഓപ്പറേറ്റ് ചെയ്യുന്നവ : 435 |
| (സി) | ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകളുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ ഒരു ബസ്സിന് ശരാശരി എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകൾ : 5,302<br>ആകെ ജീവനക്കാർ : 44,742<br>ഒരു ബസ്സിന് ശരാശരി ജീവനക്കാർ : 8.44 |
| (ഡി) | ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ റൂട്ടുകളിലേയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ച് പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി തലത്തിലും സർക്കാർ തലത്തിലും ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം വിപുലീകരിക്കുക എന്നതു കൂടി ലക്ഷ്യമിട്ടാണ് കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലേയ്ക്കുള്ള 241 സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി ഇതിനകം 208 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ടി സർവ്വീസുകൾ കൃത്യതയോടെ നടത്തുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വരുംദിവസങ്ങളിൽ മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം അന്തർസംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീ. ദൂരം കർണ്ണാടകയിൽ അധികമായി സർവ്വീസ് നടത്തുന്നതിന് സർക്കാർ തലത്തിൽ ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. ആയത് വിജ്ഞാപനം ആകുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി കർണ്ണാടകയിലേക്ക് |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതാണ്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ അത് യാഥാർത്ഥ്യമാകുന്നതോടുകൂടി തമിഴ്നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സിക്ക് ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം നവീകരിക്കുയും കൂടുതൽ സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. ബസ്സുകളുടെ കുറവ് മൂലം ഇടക്കാലത്ത് മുടങ്ങി കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി ആരംഭിച്ച് കഴിഞ്ഞു. തുടക്കമായി കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാകുളം, കൊല്ലം-ചെങ്ങന്നൂർ, മാനന്തവാടി-സുൽത്താൻ ബത്തേരി എന്നീ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്ത് നിന്നും പുതുച്ചേരിയിലേക്കും, തിരുപ്പതിയിലേക്കും, കോഴിക്കോട് നിന്നും കാസർഗോഡ്-മംഗലാപുരം-ഉഡുപ്പി-ഗോവ-കാർവാർ-പൂനെ വഴി മുംബൈക്കും, പുറമെ എറണാകുളത്ത് നിന്നും ചെന്നൈക്കും മൾട്ടി ആക്സിൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ